കുടിശ്ശിക തീർപ്പാക്കാവുന്നതാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്നവയാണെങ്കിൽ മുതലിന്റെ 25 ശതമാനം മാത്രം ഒടുക്കിയാൽ മതിയാകും. കാർഷികാദായ നികുതി കുടിശ്ശികയുള്ളവർക്ക് കേരള കാർഷികാദായ നികുതി നിയമത്തിലെ 37 C വകുപ്പ പ്രകാരം താഴെപ്പറയുന്ന ആനുകൂല്യങ്ങളാണ് ലഭ്യമാകുക.

- 1991 വരെയുള്ള കാലത്തേക്കുള്ള നികുതിയുടെ 75 ശതമാനം ഒടുക്കിയാൽ പലിശയും പിഴയും പൂർണ്ണമായും മുതലിന്റെ 25 ശതമാനവും ഒഴിവാകും.
- 1991-92 മുതൽ 1995-96 കാലത്തേക്കുള്ള നികുതിയുടെ 100 ശതമാനം ഒടുക്കിയാൽ പലിശയും പിഴയും പൂർണ്ണമായും ഒഴിവാകും.
- 1996-97 മുതൽ 1999-2000 വരെയുള്ള കാലത്തേക്കുള്ള നികുതിയുടെ 100 ശതമാനം ഒടുക്കിയാൽ പലിശ, പിഴ എന്നിവയുടെ 5 ശതമാനം വീതം മാത്രം ഒടുക്കിയാൽ മതിയാകും.
- 2000-01 മുതൽ 2004-05 കാലത്തേക്കുള്ള കുടിശ്ശികയുടെ പലിശ, പിഴ എന്നിവയുടെ 10 ശതമാനം വീതം നൽകിയാൽ മതിയാകും. നികുതിയുടെ 100 ശതമാനവും അടയ്ക്കേണ്ടതുണ്ട്.

ഈ ആനുകൂല്യം ലഭിക്കുന്നതിന് നിലവിലുള്ള അപ്പീലോ മറ്റ് കേസുകളോ പിൻവലിക്കേണ്ടതുണ്ട്.

(ബി) ഈ പദ്ധതി അനുസരിച്ച് കുടിശ്ശിക തീർപ്പാക്കാൻ ആഗ്രഹിക്കുന്ന കുടിശ്ശികക്കാരൻ നികുതി നിർണ്ണയാധികാരി മുമ്പാകെ നിശ്ചിത ഫോറത്തിൽ അപേക്ഷ നൽകേണ്ടതുണ്ട്. ഈ പദ്ധതിയുടെ കാലാവധി 31-8-2014 വരെയായിരുന്നു. ഈ തീയതിയ്ക്കുള്ളിൽ അപേക്ഷ സമർപ്പിച്ചവർക്ക് കുടിശ്ശിക ഒടുക്കേണ്ട അവസാന തീയതി 31-12-2014 ആണ്.

പാലക്കാട് ജില്ലയിലെ വിവിധ ചെക്ക്പോസ്റ്റുകളിലെ അഴിമതി

155 (4146) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ വിവിധ ചെക്ക് പോസ്റ്റുകളിൽ വ്യാപകമായ അഴിമതി നടക്കുന്നുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ചെക്ക് പോസ്റ്റുകളിലെ ജീവനക്കാർക്കെതിരെ എത്ര വിജിലൻസ് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) വിജിലൻസ് കേസിൽ ഏതെല്ലാം ജീവനക്കാരാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) പാലക്കാട് ജില്ലയിലെ ഗോവിന്ദപുരം, ഗോപാലപുരം, മീനാക്ഷിപുരം വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളിൽ യഥാക്രമം 13-8-2014, 27-8-2014, 4-12-2014 തീയതികളിൽ വിജിലൻസ് പരിശോധന നടത്തുകയുണ്ടായി. പരിശോധന റിപ്പോർട്ട് ലഭ്യമായിട്ടില്ല. 27-11-2014 ൽ പാലക്കാട് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഉള്ള സംഘം വേലന്താവളം വാണിജ്യ നികുതി ചെക്ക്പോസ്റ്റിൽ പരിശോധന നടത്തുകയും ശ്രീ. കെ.കെ. രവീന്ദ്രൻ, ഓഫീസ് അറ്റൻഡന്റിൽ നിന്നും കണക്കിൽപ്പെടാത്ത 300 രൂപ കണ്ടെത്തുകയും ചെയ്തു. അതിനെ തുടർന്ന് അദ്ദേഹത്തെ 6-12-2014-ൽ എ 11-36126/14/സി.സ്റ്റി എന്ന ഉത്തരവുപ്രകാരം സർവീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. പരിശോധന സമയത്ത് ഡ്യൂട്ടിയിലുണ്ടായിരുന്നവരെ സ്ഥലം മാറ്റുകയും ചെയ്തു.

രജിസ്ട്രേഷൻ ഇല്ലാത്ത ചിട്ടി സ്ഥാപനങ്ങൾ

156 (4147) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രജിസ്ട്രേഷൻ ഇല്ലാതെ ചിട്ടി നടത്തുന്ന ചിട്ടി സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര സ്ഥാപനങ്ങൾ ഇപ്രകാരം പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്; അവയുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) എത്ര ചിട്ടികൾ ഇപ്രകാരം നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്; ഇത്തരം ചിട്ടികളിലൂടെ എത്ര രൂപയുടെ നഷ്ടമാണ് സർക്കാരിന് ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ഇപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയോ, ചിട്ടികളെയോ കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ വകുപ്പിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത്തരം സ്ഥാപനങ്ങൾക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ജില്ല തിരിച്ചുള്ള വിവരങ്ങൾ നൽകുമോ ;

(എഫ്) അന്യ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തശേഷം കേരളത്തിൽ പ്രവർത്തിക്കുന്ന എത്ര ചിട്ടി സ്ഥാപനങ്ങൾ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly